പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.780 10.02.2016-ൽ മറുപടിക്ക്

## അസിസ്റ്റന്റ് സർജൻ തസ്തികയിലെ നിയമനം

**ചോദ്യം**

**ശ്രീ.പി.കെ.ഗുരുദാസൻ**

**മറുപടി**

**ശ്രീ.വി.എസ്.ശിവകുമാർ**
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) ആരോഗ്യ വകുപ്പിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ പി.എസ്.സി. മുഖേനയുള്ള നിയമനം സംബന്ധിച്ച വിവരം ലഭ്യമാക്കുമോ;

(എ) ആരോഗ്യ വകുപ്പിൽ നിലവിലെ ലിസ്റ്റിൽ നിന്നും പി.എസ്.സി മുഖേന 1962 പേർക്ക് അഡ്വൈസ് മെമ്മോ നൽകി. 596 പേർ ജോലിയിൽ പ്രവേശിക്കുകയും 693 പേർ എക്സ്റ്റൻഷൻ വാങ്ങുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകി എന്നറിയിക്കാമോ;

(ബി) ആരോഗ്യ വകുപ്പിൽ പി.എസ്.സി നിർദ്ദേശിച്ച 1962 പേർക്ക് നിയമന ഉത്തരവ് നൽകി.

(സി) പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമന ഉത്തരവ് ലഭിച്ചിട്ടും ജോയിൻ ചെയ്യാത്തവർ എത്ര; പ്രസ്തുത ഒഴിവുകൾ യഥാസമയം പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത ലിസ്റ്റിൽ നിന്നും 673 പേർ എൻ.ജെ.ഡി ആയിട്ടുണ്ട്. 02.02.2016-ന് നടന്ന കൗൺസിലിംഗിൽ ഉള്ള എൻ.ജെ.ഡി ഒഴിവുകൾ ഒഴികെ ബാക്കി ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്; പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്തുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ?

(ഡി) അസിസ്റ്റന്റ് സർജന്മാരുടെ 200 ഒഴിവുകളാണുള്ളത്. 02.02.2016-ന് നടന്ന കൗൺസിലിംഗിൽ ഉള്ള എൻ.ജെ.ഡി ഒഴിവുകൾ ഒഴികെ എല്ലാ ഒഴിവുകളും പി.എസ്.സി-യെ അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ